## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 674**      **09.02.2016-ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

**ചോദ്യം**
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.വി.ഡി.സതീശൻ

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മോഡൽ കോളേജ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് വകുപ്പിന് കീഴിൽ മോഡൽ കോളേജ് എന്നൊരു പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മോഡൽ കോളനി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി) | ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 3 കോളനികളെയാണ് മോഡൽ കോളനി പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. കൊല്ലം ജില്ലയിലെ കരിയോട്ടുമല, വയനാട് ജില്ലയിലെ നെല്ലറച്ചാൽ, കുഞ്ഞോം എന്നിവയാണ് മോഡൽ കോളനി പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. പാർപ്പിടം, ഗതാഗത സൗകര്യം, വൈദ്യുതി, കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കാനാണ് ടി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ ഉൾപ്പെട്ടിട്ടുള്ള കുഞ്ഞോം എന്ന സ്ഥലത്ത് 25 |

| | | | |
|---|---|---|---|
| | | | വീട്ടുകളുടെ പണി പൂർത്തിയാക്കി. 2015 ആഗസ്റ്റ് 20-ന് ഉദ്ഘാടനം നടത്തി. സുൽത്താൻ ബത്തേരിയിൽ പണിയുന്ന 25 വീട്ടുകളിൽ 20 വീട്ടുകളുടെ പണി പൂർത്തിയായിട്ടുണ്ട്. കൊല്ലം ജില്ലയിൽ കരിയോട്ടുമലയിൽ നിർമ്മിക്കുന്ന 25 വീട്ടുകൾ നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. |

Harispriya

സെക്ഷൻ ഓഫീസർ